(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാം; എത്രപേർ മരിച്ചു?

(സി) മരണമടഞ്ഞവരുടെ കുടുംബാംഗങ്ങൾക്ക് എന്തു സഹായമാണ് സർക്കാർ നൽകിയത്?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) ഉണ്ട്.

(ബി) 28 പേർ മരിച്ചു. ജില്ല തിരിച്ചുള്ള കണക്ക് ഇപ്രകാരമാണ്.

	ജില്ല	മരണപ്പെട്ടവരുടെ എണ്ണം
1.	തിരുവനന്തപുരം	7
2.	ആലപ്പുഴ	1
3.	എറണാകുളം	2
4.	പാലക്കാട്	2
5.	മലപ്പുറം	1
6.	കോഴിക്കോട്	4
7.	വയനാട്	4
8.	കണ്ണൂർ	6
9.	കാസർകോട്	1
	ആകെ	28

(സി) പ്രകൃതിക്ഷോഭം മൂലം മരണമടഞ്ഞ പ്രായപൂർത്തിയായവരുടെ കുടുംബാംഗങ്ങൾക്ക് 5,000 രൂപയും പ്രായപൂർത്തിയാകാത്തവരുടെ കുടുംബാംഗങ്ങൾക്ക് 2,000 രൂപയും നൽകുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിരുന്നു. പകർച്ചവ്യാധി വളരെ വ്യാപകമാണെങ്കിൽ മാത്രമേ ഇത് ഒരു അത്യാഹിതമോ ദുരന്തമോ ആകുകയുള്ളൂ. കൂടാതെ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന്, ദുരിതം അനുഭവിക്കുന്നവർക്ക്, മറ്റു പദ്ധതികളിൽനിന്നും സാമ്പത്തിക സഹായത്തിനർഹതയില്ലെങ്കിൽ ധനസഹായം, നൽകാനും വ്യവസ്ഥയുണ്ട്.

കഴിഞ്ഞ അതിവർഷവും വെള്ളപ്പൊക്കവും മൂലമുണ്ടായ പകർച്ചവ്യാധി വ്യാപകമല്ലായിരുന്നു.

പാർട്ടൈം കണ്ടിജൻസി ജീവനക്കാരുടെ ശമ്പളപരിഷ്ക്കരണം

* 191 [237] ശ്രീ. എസ്.ആർ. തങ്കരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ഡിപ്പാർട്ടുമെൻറുകളിൽ ജോലി ചെയ്യുന്ന പാർട്ടൈം കണ്ടിജൻസി ജീവനക്കാർക്ക് കുമാരപിള്ള കമ്മീഷൻ ശമ്പള പരിഷ്ക്കരണം ശുപാർശ ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ അത് ഗവൺമെൻറ് സ്വീകരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എങ്കിൽ എന്നത്തേക്ക്;

(ഡി) പാർട്ട് ടൈം ജീവനക്കാരെ ഫുൾടൈം ജീവനക്കാരാക്കി മാറ്റാനുള്ള നടപടി സ്വീകരിക്കാമോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) പാർട്ട് ടൈം കണ്ടിജൻസി ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണത്തെ സംബന്ധിച്ചു കുമാരപിള്ള കമ്മീഷൻ എന്ന പേരിൽ ഒരു കമ്മീഷനെ ഗവൺമെന്റ് നിയമിച്ചിട്ടില്ല. എന്നാൽ നാലാം ശമ്പളക്കമ്മീഷൻ പാർട്ട് ടൈം കണ്ടിജൻസി ജീവനക്കാർക്ക് ശമ്പള പരിഷ്ക്കരണം ശുപാർശ ചെയ്തിട്ടുണ്ട്.

(ബി) നാലാം ശമ്പളക്കമ്മീഷൻ ശുപാർശ ചെയ്ത വേതന വർദ്ധനവ് ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ട്.

(സി) വേതനം പുനർനിർണ്ണയംചെയ്യുന്നതിനുള്ള അടിസ്ഥാന തീയതി 1-7-1983 ആണ്. പുതുക്കിയ നിരക്കിലുള്ള വേതനം 1-4-1985 മുതൽ നൽകും.

(ഡി) എല്ലാ പാർട്ട് ടൈം ജീവനക്കാരെയും ഫുൾടൈം ജീവനക്കാരായി മാറ്റുക സാദ്ധ്യമല്ല. ലാസ്റ്റ് ഗ്രേഡ് സർവ്വീസിലെ ചില തസ്തികകളും പാർട്ട് ടൈം ജീവനക്കാർക്ക് പ്രൊമോഷൻ നൽകുന്നതിനായി നിശ്ചയിച്ചിട്ടുണ്ട്. ആ തസ്തികകളിൽ ഒഴിവു വരുന്ന മുറയ്ക്ക് പാർട്ട് ടൈം ജീവനക്കാരെ നിയമിച്ചു വരുന്നുണ്ട്.

ആയുർവ്വേദ കോളേജുകൾ

* 192 [238] ശ്രീ. വി.സി. കബീർ:

,, പി. വിജയദാസ്:

,, എ.വി. താമരാക്ഷൻ:

,, എ.സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഇപ്പോൾ എത്ര ആയുർവ്വേദകോളേജുകൾ ഉണ്ട്;

(ബി) ഈ ആയുർവ്വേദ കോളേജുകളോടനുബന്ധിച്ച് വിദ്യാർത്ഥികൾക്ക് പ്രായോഗിക പരിശീലനം ലഭിക്കാൻ അനുവാദം നൽകിയിട്ടുള്ള ആയുർവേദാശുപത്രികൾ ഉണ്ടോ;

(സി) ആയുർവ്വേദ കോളേജുകളോടനുബന്ധിച്ച് പ്രായോഗിക പരിശീലനത്തിന് ആശുപത്രികളിലെ ബഡ്ഡും ബന്ധപ്പെട്ട കോളേജുകളിലെ വിദ്യാർത്ഥികളുടെ എണ്ണവും തമ്മിലുള്ള അനുപാതം നിശ്ചയിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ കേരളത്തിലെ ഏതെങ്കിലും സ്വകാര്യ ആയുർവ്വേദ കോളേജുകളിൽ ഈ അനുപാതം അനുസരിച്ച് കിടക്കകളുടെ എണ്ണം ഉണ്ടോ എന്ന് ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അനുപാതം നിലനിർത്താത്ത കോളേജുകൾ ഏതൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly